(ബി) എങ്കിൽ സമയബന്ധിതമായി പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബഹു. കേരള ഹൈക്കോടതി നിർദ്ദേശപ്രകാരം പ്രതിദിന വരുമാനത്തിൽ നിന്ന് പത്തു ശതമാനം നീക്കിവച്ച് അതിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങൾ ക്രമമനുസരിച്ച് നൽകുന്ന രീതിയാണ് ഇപ്പോൾ നടക്കുന്നത്. മറ്റു പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി) ബഹു. ഹൈക്കോടതിയുടെ ടി നിർദ്ദേശ പ്രകാരം റിട്ടയർമെന്റ് രീതിയുടെ സീനിയോറിറ്റി അനുസരിച്ച് ആനുകൂല്യങ്ങൾ സമയബന്ധിതമായാണ് നൽകിവരുന്നത്.

കെ.എസ്.ആർ.ടി.സി.-യിൽ വർക്ക് അസിസ്റ്റന്റ് നിയമനം

106 [2233] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ വർക്ക് അസിസ്റ്റന്റിന്റെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) കെ.എസ്.ആർ.ടി.സി.-യിൽ സംസ്ഥാനത്താകെ വർക്ക് അസിസ്റ്റന്റ് തസ്തികയിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ 276 ഒഴിവുകൾ ഉണ്ട്.

(ബി)

തിരുവനന്തപുരം	..	57
കൊല്ലം	..	95
പത്തനംതിട്ട	..	51
കോട്ടയം	..	60
എറണാകുളം	..	46
തൃശ്ശൂർ	..	24
പാലക്കാട്	..	10
കോഴിക്കോട്	..	47
വയനാട്	..	23
മലപ്പുറം	..	9
ആകെ	..	422

LIBRARY ARCHIVES Kerala Legislative Assembly